## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1113.** **10.06.2019 ൽ മറുപടിയ്ക്ക്**

## വിമുക്തി പദ്ധതി പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.സി. ജോർജ്ജ് | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | എക്സൈസ് വകുപ്പിന് കീഴിൽ ആരംഭിച്ച വിമുക്തി പദ്ധതിയുടെ പ്രവർത്തനങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും വ്യക്തമാക്കാമോ; | (എ) | മദ്യ വർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' പ്രധാനമായും ഏറ്റെടുത്തിട്ടുള്ളത്. മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയുടെ ഉപഭോഗത്തിനെതിരെ വിപുലമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും, നിയമ വിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ എന്നിവയുടെ ഉറവിടം കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുന്നതിനായി ബഹുജനപങ്കാളിത്തത്തോടുകൂടിയുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ മിഷന്റെ ഉദ്ദേശലക്ഷ്യങ്ങളിൽപ്പെടുന്നു. വിമുക്തി മിഷന്റെ ഭാഗമായി 14 ജില്ലകളിലും ആരോഗ്യവകുപ്പുമായി ചേർന്ന് ഡി അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ജില്ലാ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ലൈബ്രറി കൗൺസിൽ സ്പോർട്സ് കൗൺസിൽ, റെസിഡന്റ്സ് അസ്സോസിയേഷൻസ് മറ്റു സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ വിവിധ ബോധവത്കരണ |

| | | | |
|---|---|---|---|
| | | | പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ സ്കൂൾ കോളേജ് തലങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചു കൊണ്ടുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ കീഴിൽ കോട്ടയം, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ബി) | ലഹരിവിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ബോധവത്കരണ സ്റ്റാളുകൾ തയ്യാറാക്കി പ്രദർശിപ്പിച്ചു വരുന്നു. പൊതുജനങ്ങളേയും യുവാക്കളേയും ആകർഷിക്കുന്നതിലേക്കായി കലാ കായിക മത്സരങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. ആദിവാസി മേഖലകൾ എൻ.സി.സി., എൻ.എസ്.എസ്, എസ്.പി.സി. പഞ്ചായത്തുകളിലും ബോധവത്കരണ ക്ലാസും സംഘടിപ്പിച്ചിട്ടുണ്ട്. വീടുകൾ നേരിട്ട് സന്ദർശിച്ച് ബോധവത്കരണ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**